**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4393** **28-10-2021 - ൽ മറുപടിയ്ക്ക്**

**സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഞ്ചരിക്കുന്ന എത്ര ത്രിവേണി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 46 മൊബൈൽ ത്രിവേണി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത സ്റ്റോറുകൾ ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 6 മൊബൈൽ ത്രിവേണികൾ ലാഭകരമായി പ്രവർത്തിക്കുന്നു. |
| (സി) | സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ഓരോ സ്ഥലത്തും എത്തിച്ചേരുന്ന സമയവും വാഹനത്തിൽ ലഭ്യമായ സാധനങ്ങൾ സംബന്ധിച്ച വിവരവും ഉപഭോക്താക്കളെ മുൻകൂട്ടി അറിയിക്കുന്നതിന് സാമൂഹിക മാധ്യമങ്ങൾ പ്രയോജനപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) | പല റീജിയണുകളിലും മൊബൈൽ ത്രിവേണി സൂപ്പർമാർക്കറ്റിന്റെ സഞ്ചാരപാത മുൻകൂട്ടി നിശ്ചയിക്കുകയും, സമയം ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ യൂണിറ്റ് ഇൻചാർജ്ജുമാരും ഉപഭോക്താക്കളുടെ വാട്സ് ആപ്പ് ഗ്രൂപ്പ് ഉപയോഗപ്പെടുത്തി സാധനങ്ങളുടെ ലഭ്യത സംബന്ധിച്ച വിവരം മുൻകൂട്ടി അറിയിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ